K A L P S KOTOOR

*Small steps to big dreams*

# Academic Master Plan 2025-26



**Karthikeya Aided Lower Primary School, Kotoor**

## ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്.
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ.

പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സു വരെ 200-ഓളം പഠിതാക്കളുണ്ട്. എൽ.എസ്.എസ് പരീക്ഷയെഴുതുന്ന മിക്ക കുട്ടികളും അത് നേടാൻ സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രീ പ്രൈമറി കുട്ടികൾക്കുള്ള ടാലന്റ് എക്സാമിൽ മുഴുവൻ കുട്ടികൾക്കും ഒന്നാം റാങ്കുമുതൽ പത്താം റാങ്കുവരെ നേടാൻ സാധിച്ചിട്ടുണ്ട്. സബ്ജില്ല-ജില്ലാ പ്രവൃത്തി പരിചയമേള, കലോത്സവം, സ്പോർട്സ് ക്വിസ് മത്സരം എന്നിവയിലും മികച്ച നിലവാരം നേടാൻ സാധിച്ചിട്ടുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട് :-

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. മാനവികത, സ്നേഹം, കരുണ, വ്യക്തിശുചിത്വം സാമൂഹ്യശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

5. പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

> SRG യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

> അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ

> കരട് രൂപരേഖ SRG, SMC, PTA, MPTA, SRG എന്നിവർക്ക് മുമ്പിൽ അവതരിപ്പിക്കൽ

- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ.
- സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി.
- വായനാ പരിപോഷണം
- ജൈവ വൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- പഠനയാത്രകൾ
- കലാ-കായികമേള-
- ഐ.ടി. പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ് പി.ടി.എ സജീവമാക്കൽ
- സ്കൂൾ പത്രം /മാസിക.
- പ്രവൃത്തി പരിചയ പഠനം.
- ഒന്നാം ക്ലാസ് ഒന്നാം തരം.
- SRG ശാക്തീകരണം.
- ശാസ്ത്രാഭിരുചി വളർത്തൽ

- പച്ചക്കറിത്തോട്ടം
- അഭിമുഖങ്ങൾ
- പോഷകാഹാര പരിപാടി
- ഗണിതലാബ്
- ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ.
- ദിനാചരണം
- കായിക പഠനം.

## കെ. എ. എൽ. പി സ്കൂൾ കോട്ടൂർ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : കെ.എ.എൽ.പി സ്കൂൾ കോട്ടൂർ |
| 2. | വിലാസം | : കോട്ടൂർ (പി.ഒ) മുളിയാർ(വഴി) 671542 (പിൻ) കാസർഗോഡ് |
| 3. | ഇമെയിൽ | : kalps kotoor@gmail.com. |
| 4. | സ്കൂൾ കോഡ് | : 11435. |
| 5. | വിദ്യാഭ്യാസ ഉപജില്ല | : കാസർഗോഡ്. |
| 6. | റവന്യൂജില്ല | : കാസർഗോഡ്. |
| 7. | ബി.ആർ.സി | : കാസർഗോഡ് |
| 8. | ഗ്രാമപഞ്ചായത്ത് | : മുളിയാർ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : കാറഡുക്ക. |
| 10. | ജില്ല. പഞ്ചായത്ത് | : കാസർഗോഡ് |

## 1. ആമുഖം

കാസർഗോഡ് ജില്ലയിലെ ഏകദേശം ഏഴുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് മുളിയാർ പഞ്ചായത്തിൽ ആരംഭിച്ച ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നാണ് കോട്ടൂർ കാർത്തികേയ എൽ.പി സ്കൂൾ. ഇന്ന് പ്രീപ്രൈമറി മുതൽ നാലാം ക്ലാസുവരെ മലയാളം, കന്നഡ, ഇംഗ്ലീഷ് മീഡിയങ്ങളിലായി ഇരുന്നൂറോളം കുട്ടികൾ പഠിച്ചു വരുന്നു. 9 അധ്യാപകരും രണ്ട് പ്രീപ്രൈമറി അധ്യാപികമാരും ജോലി ചെയ്യുന്നു.

## 2. ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർധിപ്പിക്കുക.
3. LKG മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനാകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

## 3. വിദ്യാലയത്തിന്റെ ചരിത്രം

ഏകദേശം എഴുപത്തി അഞ്ച് വർഷങ്ങൾക്കു മുമ്പ് മുളിയാർ പഞ്ചായത്തിൽ രണ്ട് സർക്കാർ വിദ്യാലയങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവ കോട്ടൂരിലും പ്രാന്ത പ്രദേശങ്ങളിലും ഉള്ളവർക്ക് പല കാരണങ്ങൾ കൊണ്ടും അപ്രാപ്യമായിരുന്നു. അനുകൂല സാഹചര്യമില്ലാത്തതിനാൽ ഈ പ്രദേശത്തെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും വേണ്ടരീതിയിൽ ലഭ്യമായിരുന്നില്ല.

ഇത്തരം ഒരു സാഹചര്യത്തിലാണ് കോട്ടൂരിലും ഒരു സ്കൂൾ എന്ന ആശയം ചർച്ച ചെയ്യപ്പെടുന്നത്. പരേതരായ ശ്രീ. മൂഡ്യമന സുബ്രായ ബെള്ളുള്ളായ, ശ്രീ ബെള്ളമൂല ബി. കേശവഭട്ട് എന്നിവർ ഇതിന് മുൻകൈ എടുത്തു. ഇതിന്റെ തുടർച്ചയെന്നോണം 1944 ഏപ്രിൽ 4ന് പരേതനായ ചാറവിലെ ശ്രീ. സി. എച്ച് ശങ്കരഭട്ട് അവർകളുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ വെച്ച് താൽക്കാലിക ഷെഡ് നിർമ്മിച്ച് ക്ലാസ് തുടങ്ങാൻ തീരുമാനിച്ചു. ഇതിന് വേണ്ട സ്ഥലം ദിവംഗതരായ ബെള്ളിപ്പാടി നായ്ക്ക് സഹോദരന്മാർ നൽകുകയും ചെയ്തു. സാമ്പത്തിക സഹായം നൽകിയത് ശ്രീ. മൂഡ്യമന സുബ്രായ ബെള്ളുള്ളായ കാടിപ്പള്ളം ശ്രീ. ശ്യാംഭട്ട്, ബെള്ളിപ്പാടി ശ്രീ. മാധവ നായ്ക്ക് എന്നിവർ ചേർന്നാണ്. 1944 മെയ് മാസം 10ന് ആ മന്ദിരത്തിൽ വിദ്യാരംഭം കുറിക്കുകയും ചെയ്തു

ദിവംഗതരായ ശ്രീ. വെള്ളമുല കേശവഭട്ടും ശ്രീ. മാധ
വ വാദ്ധ്യാരുമാണ് അന്ന് ഗുരുനാഥൻമാരായി ഉണ്ടായി
രുന്നത്. 120 ഓളം കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം
കുറിക്കാൻ അന്ന് സാധിച്ചു. അന്ന് തുടക്കം
കുറിച്ച ഈ സരസ്വതിക്ഷേത്രം ഇന്ന് പ്ലാറ്റിനം
ജൂബിലി ആഘോഷിച്ച നിർവൃതിയിൽ കുഞ്ഞുങ്ങൾ
ക്ക് അറിവ് പകർന്നു നൽകുന്നതിൽ ജില്ലയിലെ
തന്നെ മികച്ച വിദ്യാലയമായി തുടരുന്നു.

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് |
|---|---|---|---|---|---|
| 1. | അക്ഷരജ്യോതി | വായിക്കാനും എഴുതാനും അറിയാത്ത 2, 3, 4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം അക്ഷരകാർഡ്, അക്ഷരചിത്രം, അക്ഷരപ്പാട്ട്, അക്ഷരകഥകൾ - പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പഠനപ്രവർത്തനങ്ങൾ. | | 8 മാസം |
| 2. | വായനാക്കൂട്ടം. [വായനാമരം] | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനാക്കൂട്ടം. വായനാമരം – ഒരു മരത്തിനു ചുറ്റും | ~~[illegible]~~ മരത്തിനു ചുറ്റും വാക്യകാർഡുകൾ നൽകി വാക്യനിർമ്മാണം വായന തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് ഗ്രൂപ്പിൽ വായന - ചർച്ച | | 2025-2 |

| | | | | | |
|---|---|---|---|---|---|
| | | ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനാക്കൂട്ടം. പുസ്തകചർച്ച, കഥ കവിതാ അവതരണം നടത്തി - കുറിപ്പു തയ്യാറാക്കൽ. | പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ - ബാലസഭയിൽ അവതരിപ്പിക്കൽ - കഥ, നാടകം കവിത മുതലായവ കൂടി റേഡിയോ വിലൂടെ അവതരിപ്പിക്കാൻ അവസരം. | | |
| 3. | അറിവുത്സവം | പത്രവാർത്തകൾ ആനുകാലികങ്ങൾ വഴിയും അറിവു നേടുക. ക്വിസ് മത്സരങ്ങൾ - എൽ. എസ്. എസ് പരീക്ഷകളിൽ ഉന്നത വിജയം നേടുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം - പത്രക്വിസ്, വാരാന്ത്യ ക്വിസ് പതിപ്പ് തയ്യാറാക്കൽ ക്വിസ് മത്സരം എല്ലാ ആഴ്ചകളിലും നടത്തി - പുസ്തകത്തിൽ എഴുതൽ. | 8000 | 2025-26 |

| | | | | | |
|---|---|---|---|---|---|
| 4. | ഗണിതമാല | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും അളവുതൂക്കങ്ങൾ അറിയുന്നതിനുമുള്ള കൂടുതൽ അവസരമൊരുക്കൽ | മൂർത്ത വസ്തുക്കൾ ചിത്രങ്ങൾ ഉപയോഗിച്ച് അളവുതൂക്കം പരിചയപ്പെടൽ. നീളം അളക്കൽ വെള്ളമളക്കൽ കളിച്ചും ഇടങ്ങളി വൈവിധ്യമാർന്ന ക്ലാസ് പ്രവർത്തനങ്ങൾ ഒരുക്കുന്നു. | | 2025-26 |
| 5. | MICKY AND MOUSE SPOKEN ENGLISH PROGRAMME. | കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കപ്പെടുന്ന പ്രത്യേക പരിപാടി. MICKY AND MOUSE (TOM& JERRY MODEL) ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനും കഴിവ് വർധിപ്പിക്കുന്നു. | കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗത്ത TOM AND JERRY MODEL ഒരുക്കൽ Spoken English ന് പ്രാധാന്യം നൽകുന്ന പരിപാടി. ഡയലോഗ് റോൾപ്ലേ പ്രവർത്തനങ്ങൾ | 10,000 | 6 മാസം. |

| | | | | | |
|---|---|---|---|---|---|
| 6. | പരീക്ഷണങ്ങൾ | പരിസ്ഥിതി സംരക്ഷണ ശാസ്ത്ര കഴിവുകൾ നിരീക്ഷണം, പരീക്ഷണം | പരിസര പഠനാശയങ്ങൾ ഉറപ്പിക്കുന്നതിനും ആഴ്ചയിൽ ഒരു പരീക്ഷണം തയ്യാറാക്കി ടീച്ചർ അവതരിപ്പിക്കൽ, പരിസര നിരീക്ഷണ അഭിമുഖം, പരിസ്ഥിതി സംരക്ഷണങ്ങൾ | | 2025-'26 |
| 7. | പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും നാടൻ വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനും ഉള്ള പദ്ധതി. | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം അമ്മമാരുടെ സഹായത്തോടെ ആഴ്ചയിൽ നാടൻ വിഭവങ്ങൾ ഒരുക്കി നൽകൽ, നാടൻ വിഭവ പ്രദർശനം കുടുംബശ്രീ പഞ്ചായത്ത് സഹായത്തോടെ വ്യാപിപ്പിക്കൽ | 50000 | 2025-26 |

| | | | | | |
|---|---|---|---|---|---|
| 8. | മാസ്റ്ററിൽ മാനസികാരോഗ്യപരിശീലനം. | [illegible] കാൽ മാസ്റ്ററിൽ, കൗൺസിലിങ്ങ്, കളികൾ ഇടങ്ങിയ വഴിലൂടെ മാനസികാരോഗ്യവും കായികക്ഷമതയും വർദ്ധിപ്പിക്കുക. | കായികാധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിനും കളി പരിശീലനം [നാടൻ കളികൾ] കായിക ക്യാമ്പ് സംഘടിപ്പിക്കൽ | 10000 | 2025-2026. |